പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 4175 — 21.07.2015 ലെ മറുപടിയ്ക്ക്

## കൃഷി അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (എ) കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവ് അധിഷ്ഠിതമായ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി ധനസഹായം നൽകി വരുന്നു. |
| (ബി) ഇത്തരം വ്യവസായങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ; | (ബി) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് അധിഷ്ഠിതമായ 5 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെ ചെലവുള്ള വായ്പാബന്ധിത സംരംഭങ്ങൾക്ക് കെട്ടിടനിർമ്മാണത്തിനും യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ചെലവായ തുകയുടെ 25% (പരമാവധി 10 ലക്ഷം രൂപ) സഹായമായി നൽകുന്നു.<br><br>കാർഷികോല്പന്നമൂല്യവർദ്ധിത സംരംഭങ്ങളെ സംബന്ധിച്ച അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾക്ക് സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം സഹായം നൽകുന്നുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നു. |
| (സി) പ്രസ്തുത വ്യവസായങ്ങളിൽ നിന്നുമുള്ള ഉല്പന്നങ്ങളുടെ വിപണനം ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (സി) സർക്കാർ തലത്തിലും അല്ലാതെയും സംഘടിപ്പിക്കുന്ന എക്സിബിഷനുകളിലും കാർഷിക വിപണന മേളകളിലും സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യത്തിന്റെ സ്റ്റാളുകളിലൂടെ മൂല്യവർദ്ധിത ഉല്പന്നോല്പാദക സംരംഭകരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും അവസരം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ